بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**13-03-2026**

# തിരുനബിചരിത്രം: തൗഹീദിന്റെ വെളിച്ചത്തിൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ- بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ-

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

നബി തിരുമേനി(സ)യുടെ ജീവചരിത്രത്തെ സംബന്ധിച്ച് രണ്ട് വെള്ളിയാഴ്ചകൾക്കു മുമ്പ് ഞാൻ തിരുമേനി(സ)യുടെ ജീവചരിത്രത്തിലെ തൗഹീദ് അഥവാ ഏകദൈവ വിശ്വാസത്തെ കുറിച്ചുള്ള വശത്തെയും അതിനായുള്ള ഉത്കടമായ ആഗ്രഹത്തെയും കുറിച്ച് പരാമർശിച്ചിരുന്നു. ഈ ലക്ഷ്യം സ്ഥാപിക്കുന്നതിനായിരുന്നു തിരുനബി വന്നത്. ഇതിനായി തിരുമേനിയുടെ വാക്കിനാലും പ്രവൃത്തിയാലും തൗഹീദിനോടുള്ള അതിയായ ആഗ്രഹം പ്രകടമാകുന്നു എന്ന് മാത്രമല്ല, തന്റെ അനുയായികളായ സ്വഹാബികളിലും തൗഹീദിന് വേണ്ടിയുള്ള ത്യാഗസന്നദ്ധതയുടെ ആത്മാവ് തിരുമേനി സംജാതമാക്കി. അത് അനുപമമായിരുന്നു. ഇന്നും ഞാൻ നബി തിരുമേനി(സ)യുടെ ജീവചരിത്രത്തിലെ പ്രസ്തുത വശത്തെക്കുറിച്ച് തന്നെ പരാമർശിക്കുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ചില സ്വഹാബികളുടെ ത്യാഗങ്ങളെക്കുറിച്ചുള്ള പരാമർശവുമുണ്ടാകും.

ഒരിക്കൽ ബഹുദൈവാരാധകർ നബിതിരുമേനി (സ)യോട് ചോദിച്ചു, താങ്കൾ ഞങ്ങളുടെ ദൈവങ്ങളെക്കുറിച്ച് ഇങ്ങനെയൊക്കെ പറയുന്നില്ലേ? തിരുമേനി അതെ എന്ന് മറുപടി നല്കി. ഇതിനെത്തുടർന്ന് അവർ തിരുനബിയുടെ ചുറ്റും തടിച്ചുകൂടി. ആ സമയത്ത് ആരോ ഹദ്റത്ത് അബൂബക്കറിനോട് പറഞ്ഞു, താങ്കളുടെ സുഹൃത്തിനെക്കുറിച്ച് അന്വേഷിക്കൂ. ഹദ്റത്ത് അബൂബക്കർ പുറപ്പെടുകയും മസ്ജിദുൽ ഹറാമിൽ എത്തുകയും ചെയ്തു. അവിടെ ആളുകൾ നബി തിരുമേനി(സ)യുടെ ചുറ്റും കൂടിനിൽക്കുന്നതായി കണ്ടെത്തി. ഹദ്റത്ത് അബൂബക്കർ പറഞ്ഞു, നിങ്ങൾക്ക് നാശം. പിന്നീട് വിശുദ്ധ ഖുർആനിൽ വന്ന പ്രകാരം അദ്ദേഹം പറഞ്ഞു: നിങ്ങൾക്കു മോശം ഭവിക്കട്ടെ.

اَتَقۡتُلُوۡنَ رَجُلًا اَنۡ يَّقُوۡلَ رَبِّيَ اللّٰهُ وَقَدۡ جَآءَكُمۡ بِالۡبَيِّنٰتِ مِنۡ رَّبِّكُمۡ

എന്റെ നാഥൻ അല്ലാഹുവാണെന്ന് പറയുന്നു എന്ന കാരണത്താൽ മാത്രം നിങ്ങൾ ഒരാളെ വധിക്കുമോ; അദ്ദേഹം നിങ്ങളുടെ നാഥനിൽ നിന്നുള്ള വ്യക്തമായ അടയാളങ്ങളുമായി നിങ്ങളുടെ അടുത്ത് വന്നിരിക്കെ. ഇതിനെത്തുടർന്ന് അവർ നബി തിരുമേനി(സയെ വിടുകയും ഹദ്റത്ത് അബൂബക്കറിന്റെ നേർക്ക് തിരിയുകയും അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് അബൂബക്കറിന്റെ മകൾ ഹദ്റത്ത് അസ്മ പറയുന്നു, അദ്ദേഹം ഞങ്ങളുടെ അടുത്തേക്ക് വന്നപ്പോൾ അവസ്ഥ ഇതായിരുന്നു, അദ്ദേഹം തന്റെ തലമുടിയിൽ

തൊടുമ്പോഴേക്കും അത് അദ്ദേഹത്തിന്റെ കയ്യിലേക്ക് അടർന്നു പോരുമായിരുന്നു. അത്രയും ശക്തിയായി അവർ തലമുടി വലിച്ചു പറിച്ചിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) വിവരിക്കുന്നു: ഒരിക്കൽ തിരുമേനി അങ്ങാടിയിലൂടെ നടന്നു പോകുമ്പോൾ മക്കയിലെ ഒരുപറ്റം തെമ്മാടികൾ ചുറ്റും കൂടുകയും വഴിനീളെ തിരുമേനിയുടെ പിൻകഴുത്തിൽ മർദ്ദിക്കുകയും ജനങ്ങളേ, പ്രവാചകത്വവാദമുള്ള വ്യക്തി ഇതാണ് എന്ന് പറയുകയും ചെയ്യുന്നുണ്ടായിരുന്നു. തിരുമേനിയുടെ അയൽപക്കങ്ങളിൽ നിന്ന് നിരന്തരം കല്ലേറു നടക്കുന്നുണ്ടായിരുന്നു. തിരുമേനിയുടെ വീട്ടിലേക്കും അടുക്കളകളിലേക്കു പോലും മാലിന്യങ്ങൾ വലിച്ചെറിയുമായിരുന്നു. എന്നാൽ നബി തിരുമേനി(സ)യ്ക്കുമേൽ ആയിരമായിരം സ്വലാത്തുകൾഉണ്ടാകട്ടെ,തൗഹീദ്സ്ഥാപിക്കുന്നതിനായി തിരുമേനിയുടെ ഹൃദയത്തിൽ അലതല്ലിക്കൊണ്ടിരുന്ന ആ അതിയായ ആഗ്രഹം ഒരിക്കൽ പോലും ഒരു നിമിഷത്തേക്ക് പോലും കുറഞ്ഞില്ല. ഈ സകല കഷ്ടപ്പാടുകളും നബിതങ്ങൾ നിറഞ്ഞ മനസ്സോടെ സസന്തോഷം സ്വീകരിച്ചു. എന്നിട്ടും മനുഷ്യവർഗത്തോടുള്ള കരുണയിലും സ്നേഹത്തിലും തെല്ലും കുറവുണ്ടായതുമില്ല. ഒരിക്കൽ നബി തിരുമേനി(സ) മസ്ജിദുൽ ഹറാമിൽ നിൽക്കുകയും മക്കയിലെ ബഹുദൈവാരാധകരെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു, لا اله الا الله എന്ന് നിങ്ങൾ പറയുക, അതായത് അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ല. നിങ്ങൾ വിജയികളാകും. അതുകേട്ട് ഖുറൈശികൾ നബിതിരുമേനി(സ)യുടെമേൽ ചാടിവീണു. ഹാരിസ് ബിൻ അബി ഹാല എല്ലാവർക്കും മുമ്പേ നബി തിരുമേനി(സ)യുടെ അടുത്തെത്തി. അദ്ദേഹം ആ ആളുകളോട് പോരാടുകയും അവരെ നബി തിരുമേനി(സ)യിൽ നിന്നും അകറ്റുകയും ചെയ്തു. അവരെല്ലാവരും അദ്ദേഹത്തിന്റെമേൽ ചാടിവീഴുകയും അവസാനം അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു.

മക്കയിലെ സത്യനിഷേധികൾ മൂന്ന് വർഷത്തോളം തിരുനബിയെയും കുടുംബാംഗങ്ങളെയും ശിഅബ് അബീത്വാലിബ് എന്ന മലയിടുക്കിൽ സാമൂഹിക ബഹിഷ്കരണം ഏർപ്പെടുത്തി തടവിലാക്കിയത്. ഈ ബഹിഷ്കരണം അവസാനിച്ചപ്പോൾ നബി തിരുമേനി(സ) തൗഹീദിന്റെ സന്ദേശം മക്കയിലുടനീളം മുമ്പത്തേക്കാളുപരി ദൃഢനിശ്ചയത്തോടും ധീരതയോടും കൂടി വീണ്ടും പ്രചരിപ്പിച്ചു.

നബി തിരുമേനി(സ)യുടെ ത്വാഇഫ് യാത്രയെക്കുറിച്ചുള്ള സംഭവം വളരെ പ്രശസ്തമാണ്. അത് ചരിത്രത്തിൽ വിവിധ രീതികളിൽ വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു:

ശിഅബ് അബീത്വാലിബിലെ ഉപരോധം നീങ്ങിയപ്പോൾ ത്വാഇഫിൽ പോയി അവിടെയുള്ള ആളുകളെ ഇസ്ലാമിലേക്ക് ക്ഷണിക്കാൻ തിരുമേനി തീരുമാനിച്ചു. അവിടെ എത്തിയ ശേഷം തിരുമേനി പത്ത് ദിവസം താമസിക്കുകയും നഗരത്തിലെ പ്രമുഖരായ പലരെയും ഒന്നിനുപുറകെ ഒന്നായി സന്ദർശിക്കുകയും ചെയ്തു. എന്നാൽ മക്കയെപ്പോലെ തന്നെ ഈ നഗരത്തിന്റെ വിധിയിലും ആ സമയത്ത് വിശ്വസിക്കുക എന്നത് എഴുതപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഒടുവിൽ അദ്ദേഹം ത്വാഇഫിലെ സമുന്നത നേതാവായ അബ്ദു യാലീലിന്റെ അടുത്ത് ചെന്ന് ഇസ്ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ അയാളും വ്യക്തമായി നിഷേധിച്ചു എന്ന് മാത്രമല്ല ഇപ്രകാരം പറഞ്ഞു, താങ്കൾ ഇവിടെ നിന്ന് പോകുന്നതാണ് നല്ലത്. ഇതിന് ശേഷം ആ ദുർഭഗൻ നഗരത്തിലെ തെണ്ടിക്കൂട്ടത്തെ അദ്ദേഹത്തിന്റെ പിന്നാലെ വിട്ടു. നബി തിരുമേനി(സ) നഗരത്തിൽ നിന്ന് പുറപ്പെട്ടപ്പോൾ ഈ ആളുകൾ ബഹളം വച്ചുകൊണ്ട് പിന്നാലെ കൂടുകയും അദ്ദേഹത്തിനുമേൽ കല്ലുകൾ എറിയാൻ തുടങ്ങുകയും ചെയ്തു. അപ്രകാരം തിരുമേനിയുടെ ശരീരം മുഴുവൻ രക്തത്തിൽ കുതിർന്നു. അവസാനം ത്വാഇഫിൽ നിന്ന് മൂന്ന് മൈൽ ദൂരത്തിൽ മക്കയിലെ പ്രമുഖനായ ഉത്ബ ബിൻ റബീഅയുടെ ഒരു തോട്ടത്തിൽ നബി തിരുമേനി(സ) അഭയം പ്രാപിച്ചു. ആ ക്രൂരന്മാർ തളർന്ന് തിരിച്ചുപോകുകയുംചെയ്തു. ഉത്ബയും ശൈബയും ആ സമയത്ത് തങ്ങളുടെ ആ തോട്ടത്തിൽ ഉണ്ടായിരുന്നു. അവർ അദ്ദാസ് എന്ന് പേരുള്ള തങ്ങളുടെ ക്രിസ്ത്യൻ അടിമയുടെ കയ്യിൽ ഒരു കിണ്ണത്തിൽ കുറച്ച് മുന്തിരികൾ നബിസമക്ഷത്തിലേക്ക് കൊടുത്തു

വിട്ടു. തിരുനബി അത് വാങ്ങുകയും അദ്ദാസി നോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു, നീ എവിടത്തുകാരനാണ്, ഏത് മതമാണ് പിന്തുടരുന്നത്? അവൻ പറഞ്ഞു, ഞാൻ നിനേവക്കാരനാണ്. നബി തിരുമേനി(സ) പറഞ്ഞു, യൂനുസ് ബിൻ മത്തായുടെ വാസസ്ഥലമായിരുന്ന അതേ നിനവയാണോ? അദ്ദേഹം എന്റെ സഹോദരനായിരുന്നു, കാരണം അദ്ദേഹവും അല്ലാഹുവിന്റെ നബിയായിരുന്നു, ഞാനും അല്ലാഹുവിന്റെ നബിയാണ്. അല്പസമയത്തിന് ശേഷം നബി തിരുമേനി(സ) ആ തോട്ടത്തിൽ വിശ്രമിക്കുകയും പിന്നീട് അവിടെ നിന്ന് പുറപ്പെടുകയും ചെയ്തു.
തൗഹീദ് സ്ഥാപിക്കുന്നതിനായി നബി തിരുമേനി (സ) മക്കയിൽ വ്യക്തിപരമായോ കൂട്ടായോ പ്രബോധന ധർമ്മം നിർവഹിക്കാറുണ്ടായിരുന്നു. അതുകൂടാതെ അറേബ്യയിലെ ചില ചന്തകളിൽ പോകുകയും അവിടെ ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തിലേക്ക് മടങ്ങാനുള്ള സന്ദേശം നല്കുകയും ചെയ്യുമായിരുന്നു. മക്കയ്ക്ക് പുറത്ത് വിവിധ സ്ഥലങ്ങളിൽ ആളുകൾഒത്തുകൂടാറുണ്ടായിരുന്നു. അത്തരത്തിൽ മേളകൾ നടക്കുമായിരുന്നു.ഉക്കാദ്, മജന്ന,ദുൽ മജാസ് എന്നിവ ഖുറൈശികളുടെയും അറബികളുടെയും ചന്തകളായിരുന്നു. ഈ സ്ഥലങ്ങളിലെല്ലാം നബിതിരുമേനി(സ) പോയി പ്രബോധനം നടത്തുമായിരുന്നു. നബി തിരുമേനി(സ) ഇപ്രകാരംപറയുമായിരുന്നു, എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിക്കാൻ എനിക്ക് അഭയം നല്കുന്നവനായി ആരുണ്ട്, എന്നെ സഹായിക്കാൻ ആരുണ്ട്, അതിന് പകരമായി അയാൾക്ക് സ്വർഗം ലഭിക്കുന്നതാണ്.
മക്കയിലെ ഖുറൈശികൾ ഒരു വശത്ത് നബി തിരുമേനി(സ)യെ ഏതെങ്കിലും വിധേന ഇസ്ലാം മതപ്രബോധനത്തിൽനിന്ന്തടയാൻശ്രമിച്ചുകൊണ്ടിരുന്നു. മറുവശത്ത് ഇസ്ലാം സ്വീകരിച്ചവരുടെ മേൽ ക്രൂരതയുടെയും അക്രമത്തിന്റെയും അങ്ങേയറ്റത്തെ സാഹചര്യങ്ങൾ അവർ സൃഷ്ടിച്ചു. ആ ക്രൂരമായ പെരുമാറ്റത്തിന്റെ വിശദാംശങ്ങൾ എഴുതാൻ പേനയ്ക്ക് ശക്തിയില്ല,
ഹദ്റത്ത് ബിലാൽ ഈമാൻ സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ യജമാനൻ അദ്ദേഹത്തെ പിടിച്ച് നിലത്ത് കിടത്തുകയും അദ്ദേഹത്തിന്മേൽ കല്ലുകളും പശുവിന്റെ തോലും ഇടുകയും ചെയ്തു. നിന്റെ റബ്ബ് ലാത്തും ഉസ്സയുമാണെന്ന് അവർ പറയുമായിരുന്നു, എന്നാൽ അദ്ദേഹം അഹദുൻ അഹദുൻ (ഏകനായ അല്ലാഹു) എന്ന് തന്നെ പറയുമായിരുന്നു. ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് ബിലാലിനെ ഏഴ് ഔഖിയക്ക് (നാൽപത് ദിർഹം) വാങ്ങുകയും അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു.
മക്കയിലെ സത്യനിഷേധികൾ ദുർലരായ മുസ്ലിങ്ങളെ അക്രമിച്ചിരുന്നു എന്ന് മാത്രമല്ല, നബി തിരുമേനി(സ)യുടെ പവിത്രമായ വ്യക്തിത്വവും അവരിൽ നിന്ന് സുരക്ഷിതമായിരുന്നില്ല. ഏറ്റവും കൂടുതൽ പീഡനങ്ങളും ദുഃഖങ്ങളും പ്രയാസങ്ങളും നേരിടേണ്ടി വന്നത് നബി തിരുമേനി (സ)ക്ക് തന്നെയാണ്. മുഹമ്മദ്(സ) (ഏറ്റവും കൂടുതൽ വാഴ്ത്തപ്പെട്ടവൻ) എന്ന നാമം മുദമ്മം (ഏറ്റവും കൂടുതൽ നിന്ദിക്കപ്പെട്ടവൻ) എന്ന് വികൃതമാക്കി. നഊദുബില്ലാഹ് അസത്യവാദിയെന്നും വഞ്ചകനെന്നും അത്യാഗ്രഹിയെന്നും ചതിയനെന്നും വിളിച്ചു.
ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് ഇപ്രകാരം വിവരിക്കുന്നു:
ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെ മേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോകഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്നു ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹംപുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും

ചെയ്തു...അവിടുന്ന് മാത്രമാണ് എല്ലാ അനുഗ്ര ഹങ്ങളുടെയും ഉറവിടം. അവിടുത്തെ അനുഗ്രഹം അംഗീകരിക്കാതെ വല്ല ശ്രേഷ്ഠതയും അവകാശ പ്പെടുന്നവൻ മനുഷ്യനല്ല, മറിച്ച് പിശാചിന്റെ സന്തതിയാണ്. കാരണം എല്ലാ ശ്രേഷ്ഠതകളു ടെയും താക്കോലും ജ്ഞാനത്തിന്റെ എല്ലാ നിധികളും അവിടുത്തേക്കാണ് നൽകപ്പെട്ടിരി ക്കുന്നത്. അവിടുന്ന് വഴി അത് ലഭിക്കാത്തവൻ ശാശ്വതമായ നഷ്ടത്തിലാണ്. നാം ആരാണ്, നമ്മുടെയാഥാർഥ്യം എന്താണ്? യഥാർഥ തൗഹീദ് ഈ നബിയിലൂടെയാണ് നമുക്ക് ലഭിച്ചതെന്ന് നാം സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ട വരായിത്തീരും. ജീവിക്കുന്ന ദൈവത്തെക്കുറി ച്ചുള്ള അറിവ് ഈ പൂർണ്ണ നബിയിലൂടെയും അവിടുത്തെ പ്രകാശത്തിലൂടെയുമാണ് നമുക്ക് ലഭിച്ചത്. ദൈവത്തിന്റെ മുഖംദർശിക്കാൻ സാധി ക്കുന്ന വിധത്തിലുള്ളഅല്ലാഹുവിന്റെ സംസാര ത്തിനുംഅഭിസംബോധനയ്ക്കും അർഹരായതും ഈ മഹാനായ നബിയിലൂടെയാണ്. ഹിദായ ത്തിന്റെ (സന്മാർഗത്തിന്റെ) ആ സൂര്യന്റെ കിരണ ങ്ങൾ വെയിൽ പോലെ നമ്മുടെ മേൽ പതിക്കുന്നു, അതിന് അഭിമുഖമായി നിൽക്കുന്നിടത്തോളം കാലം മാത്രമേ നമുക്ക് പ്രകാശിതരായിരിക്കാൻ സാധിക്കൂ.

നബി തിരുമേനി(സ)യിൽ വിശ്വസിക്കാത്തവരോ അല്ലെങ്കിൽ മതപരിത്യാഗിയായവരോ തൗഹീ ദിൽ ഉറച്ചുനിൽക്കുകയും അല്ലാഹുവിനെ ഏക നായി കാണുകയും ചെയ്താൽ അവർക്ക് രക്ഷ ലഭിക്കുമെന്നും നബിയിൽ വിശ്വസിക്കാത്തത് അവർക്ക് ദോഷം ചെയ്യില്ലെന്നും കരുതുന്നവർ യഥാർഥത്തിൽ തൗഹീദിന്റെയാഥാർഥ്യം അറിയാ ത്തവരാണ്. കേവലം ഏകനാണെന്ന് വിശ്വസിച്ച തുകൊണ്ട് മാത്രം മോക്ഷം ലഭിക്കുകയില്ല, മറിച്ച് മോക്ഷം എന്നത് രണ്ട് കാര്യങ്ങളെ ആശ്രയി ച്ചിരിക്കുന്നു. ഒന്ന്, പൂർണ്ണമായ ഉറപ്പോടെ അല്ലാഹു വിന്റെഅസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസി ക്കുക. രണ്ട്, അല്ലാഹുവിനോടുള്ള പൂർണ്ണമായ സ്നേഹം ഹൃദയത്തിൽ കുടികൊള്ളുക; ആ സ്നേഹത്തിന്റെ ആധിക്യത്താൽ അല്ലാഹു വിനെ അനുസരിക്കുക എന്നത് തന്റെ ജീവന്റെ ആശ്വാസമായി മാറണം, അതില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥ വരണം. ആ സ്നേഹം മറ്റെല്ലാ സ്നേഹങ്ങളെയും ഇല്ലാതാക്കണം. ഇതാണ് യഥാർഥ തൗഹീദ്. ഇത് നമ്മുടെ നേതാവും നായകനുമായ മുഹമ്മദ് നബി തിരുമേനി(സ)യെ പിന്തുടരുന്നതിലൂടെയ ല്ലാതെ ലഭിക്കുകയില്ല. എന്തുകൊണ്ട് ലഭിക്കില്ല?

അതിന്റെ മറുപടിഇതാണ്, അല്ലാഹുവിന്റെ സത്ത എന്നത് അതിനിഗൂഢവും ഇന്ദ്രിയങ്ങൾ ക്കതീതവുമാണ്. മനുഷ്യബുദ്ധിക്ക് സ്വന്തം നില യിൽ അത് കണ്ടെത്താൻ കഴിയില്ല. അല്ലാഹു വിന്റെ അസ്തിത്വത്തിന് പൂർണ്ണമായ തെളിവ് നല്കാൻ യുക്തിക്ക് (ബുദ്ധിക്ക്) സാധ്യമല്ല. കാരണം ബുദ്ധിയുടെ പരിധി എന്നത് ഈ ലോകത്തിലെ നിർമ്മാണങ്ങൾ കണ്ട് ഒരു നിർമ്മാതാവ് ആവശ്യമാണെന്ന് തിരിച്ചറിയുക എന്നത് മാത്രമാണ്. എന്നാൽ ഒരു ആവശ്യകത അനുഭവപ്പെടുക എന്നതും, നാം അംഗീകരിച്ച ആ ദൈവം യഥാർഥത്തിൽ നിലവിലുണ്ട് എന്ന് ഐനുൽ യഖീന്റെ (നേരിൽ കണ്ടുറപ്പിക്കുക) തലത്തിൽ തിരിച്ചറിയുക എന്നതും രണ്ട് കാര്യ ങ്ങളാണ്...അതുകൊണ്ട് ഉറപ്പിച്ചു മനസ്സിലാക്കുക, ഏകദൈവവിശ്വാസം എന്നത് നബിയിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ.

അതുകൊണ്ട്, നമ്മൾ അന്വേഷിക്കുകയും തേടു കയും ചെയ്യേണ്ടത് ഈ സത്യമായ ഏകദൈ വവിശ്വാസത്തെയാണ്. ഏത് ത്യാഗത്തിനും നാം തയ്യാറുള്ള ആ നിലവാരത്തിലേക്ക് നമ്മുടെ വിശ്വാസത്തെ ഉയർത്താൻ നാം ശ്രമിക്കണം. നബി തിരുമേനി(സ)യോട് ഹൃദയത്തിൽ യഥാ ർത്ഥ പ്രണയം വളർത്തിയെടുക്കുക. ഈ കാലഘ ട്ടത്തിൽ, ഏകദൈവവിശ്വാസം നിലനിർത്തു ന്നതിനുള്ള പ്രവർത്തനങ്ങൾ തുടരാനായി അല്ലാഹു നബി തിരുമേനി(സ)യുടെ സത്യസന്ധ നായ ദാസനെ അയച്ചിരിക്കുന്നു. അദ്ദേഹത്തോട് നമ്മൾ ബൈഅത്ത്(അനുസരണ പ്രതിജ്ഞ) ചെയ്തതും അതിനുവേണ്ടിയാണ്. ആ പ്രതിജ്ഞ യുടെ അവകാശങ്ങൾ പൂർണമായി നിർവഹി ക്കാൻ നമ്മൾ കഠിനമായി പരിശ്രമിക്കണം, അതി നായി പ്രാർത്ഥിക്കുകയും വേണം. റമദാനിലെ ഈ അവശേഷിക്കുന്ന ദിവസങ്ങളിൽ, ഏകദൈ വവിശ്വാസം സ്ഥാപിക്കുന്നതിനും അതിനുവേണ്ടി യുള്ള നിഷ്കർഷയിലും നമ്മൾ എല്ലാവ രേക്കാളും മുൻപന്തിയിൽ നിൽക്കാൻ വേണ്ടി പ്രത്യേകം പ്രാർഥിക്കണം. അല്ലാഹു നമുക്ക് അതിനുള്ള സൗഭാഗ്യം നല്കുകയും നമ്മുടെ

ദൗർബല്യങ്ങൾ അകറ്റിത്തരുകയും ചെയ്യട്ടെ. നമസ്കാരാനന്തരം ഞാൻ ഒരു അസാന്നിദ്ധ്യ ത്തിലുള്ള മയ്യിത്ത് നമസ്കരിപ്പിക്കുന്നതാണ്. അത് ജമാഅത്തിന്റെ മുറബ്ബിയായ ദിക്റുല്ലാഹ് തായോ അയ്യൂബ് സാഹിബിന്റേതാണ്. നൈജീ രിയക്കാരനായിരുന്നു.

ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. വളരെ ആത്മാർത്ഥനും വിശ്വസ്തനും അതീവ വിനീ തനുമായ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. അല്ലാഹു അദ്ദേഹത്തോട് പാപമോചനവും കരുണയും കാണിക്കട്ടെ, അദ്ദേഹത്തിന്റെ പ ദവികൾ ഉയർത്തട്ടെ. (അംനാസ്. പി.കെ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 13.03.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516